പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7449

17.07.2012 ൽ മറുപടിയ്ക്ക്

## കിസാൻശ്രീ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>" ചിറ്റയം ഗോപകുമാർ<br>" കെ. അജിത്<br>" വി. ശശി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും. സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് കിസാൻശ്രീ സുരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ് ; ഈ പദ്ധതിയിൽ ഇപ്പോൾ എത്ര കർഷകരും കുടുംബങ്ങളും അംഗങ്ങളായിട്ടുണ്ട് ; ഈ പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എ) 2008 മാർച്ച് ഒന്നാം തീയതിയാണ് കിസാൻ ശ്രീ എന്ന കർഷക സുരക്ഷാ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയിൽ 520836 ചെറുകിട നാമമാത്ര കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

ഈ പദ്ധതിയിലൂടെ താഴെ പറയും പ്രകാരമുള്ള ആനുകൂല്യങ്ങളാണ് ലഭിച്ചിരുന്നത്.

1. എല്ലാ തരത്തിലുള്ള അപകടമരണങ്ങൾക്കും ഒരു ലക്ഷം രൂപ.
2. രണ്ട് കൈ/കാൽ അഥവാ രണ്ട് കണ്ണിന്റെ കാഴ്ച നഷ്ടമായാൽ - ഒരു ലക്ഷം രൂപ.
3. ഒരു കൈ/കാൽ അഥവാ ഒരു കണ്ണിന്റെ കാഴ്ച നഷ്ടമായാൽ - അൻപതിനായിരം രൂപ.
4. മുകളിൽ പറഞ്ഞവയ്ക്ക് പുറമെ അപകടങ്ങൾ മൂലം ഉണ്ടാകുന്ന പരിക്കുകളാൽ സംഭവിക്കുന്ന സ്ഥിരമായ വൈകല്യങ്ങൾക്ക് ഒരു ലക്ഷം രൂപ.

എന്നാൽ ഈ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ എത്ര കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു ; കഴിഞ്ഞ ഒരു

(ബി) പദ്ധതിയിൽ അംഗമായി ചേർന്നതിനുശേഷം അപകടമരണം സംഭവിച്ച 51 കൃഷിക്കാരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം ആകെ 51

| | | | |
|---|---|---|---|
| | വർഷത്തിനിടയിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | | ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ അപകടങ്ങളിൽ പരിക്കുപറ്റിയ ആറ് കർഷകർക്ക് 50,000/- രൂപ വീതം ആകെ മൂന്ന ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യ വും നൽകി കഴിഞ്ഞു. ഇപ്രകാരം 54 ലക്ഷം രൂപയുടെ ആനുകൂല്യം 57 കർഷക കുടുംബങ്ങൾക്ക് ഇതുവരെ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 21.4.2011 ന് അവസാനിച്ചതിനാൽ 2011-12 വർഷത്തിൽ ആനുകൂല്യം ഒന്നും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. |
| **(സി)** | ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ പദ്ധതി വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | **(സി)** | 21.4.2011 ൽ കൃഷിവകുപ്പും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ എം.ഒ.യു. അവസാനിച്ചു. ആയതിനാൽ ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല. എന്നാൽ കർഷകർക്കായുള്ള സുരക്ഷാ പദ്ധതിയും മറ്റ് ഇൻഷ്വറൻസ് പദ്ധതികളും സമന്വയിപ്പിച്ച് സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ